**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1418 31.10.2019 ൽ മറുപടിയ്ക്ക്**

**ചെറുവള്ളി എസ്റ്റേറ്റിന്റെ ഉടമസ്ഥാവകാശം**

| **ചോദ്യം**<br>**ശ്രീ. എൻ. ഷംസുദ്ദീൻ** | **മറുപടി**<br>**ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
|---|---|

| | | |
|---|---|---|
| (എ) | സർക്കാർ പാട്ടത്തിന് നൽകിയ ഹാരിസൺ മലയാളം പ്ലാന്റേഷനിലുൾപ്പെട്ട ചെറുവള്ളി എസ്റ്റേറ്റിന്റെ ഉടമസ്ഥാവകാശം ഇപ്പോൾ ആർക്കാണ്; ഇതു സംബന്ധിച്ച് ഏതെങ്കിലും കേസുകൾ നിലവിലുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ; | (എ) യും (ബി) യും<br>നിർദ്ദിഷ്ട ശബരിമല ഗ്രീൻ ഫീൽഡ് വിമാനത്താവളത്തിനായി കണ്ടെത്തിയിട്ടുള്ള കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ മണിമല, എരുമേലി വില്ലേജുകളിലായി വ്യാപിച്ചുകിടക്കുന്ന 2263 ഏക്കർ ചെറുവള്ളി എസ്റ്റേറ്റ് 2005-ൽ ഗോസ്പൽ ഫോർ ഏഷ്യ എന്ന സ്ഥാപനം, M/s.ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിയിൽ നിന്നും വിലയ്ക്ക് വാങ്ങിയ തോട്ടം ഭൂമിയാകുന്നു. പ്രസ്തുത ഭൂമിയുൾപ്പെടെ ഹാരിസൺ മലയാളം കമ്പനി ഉടമസ്ഥാവകാശം സ്ഥാപിക്കാതെ വിൽപ്പന നടത്തിയതും അനധികൃതമായി കൈവശം വച്ചിരിക്കുന്നതുമായ 76000 ത്തിലധികം ഏക്കർ ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത തെളിയിക്കുന്നതിനായി ബഹു. ഹൈക്കോടതിയുടെ 11-4-2018 ലെ WP(C) 33122/2014 & Ors നമ്പർ കേസുകളിലെ വിധിയുടെ പശ്ചാത്തലത്തിൽ, സിവിൽക്കോടതിയിൽ കേസുകൾ ഫയൽ ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് 6-6-2019-ൽ സ.ഉ.(കൈ) 172/2019/റവ നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. നിർദ്ദിഷ്ട ശബരിമല ഗ്രീൻഫീൽഡ് എയർപോർട്ടിനായി കണ്ടെത്തിയിട്ടുള്ള ചെറുവള്ളി എസ്റ്റേറ്റിന്റെ ഉടമസ്ഥത സംബന്ധിച്ചും പ്രസ്തുത ഉത്തരവിൻ പ്രകാരം കേസുകൾ ഫയൽ ചെയ്യുന്നതിന് കോട്ടയം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സിവിൽ കേസ് ഫയൽ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. |
| (ബി) | ശബരിമല വിമാനത്താവളത്തിനായി, പ്രസ്തുത ഭൂമി ഏറ്റെടുക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ? | |

സെക്ഷൻ ഓഫീസർ